(ബി) ഈ രണ്ട് റെയിൽ ക്രോസ്സുകളിലും റെയിൽവേ മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിന് പഠനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പൈങ്കുളം, മുള്ളൂർക്കര റെയിൽവേ മേൽപ്പാലങ്ങൾ നിർമ്മിക്കുവാൻ റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷൻ പദ്ധതി തയ്യാറാക്കി ഭരണാനുമതിക്ക് സമർപ്പിച്ചിട്ടുണ്ടോ ;

(ഡി) ഭരണാനുമതി നൽകുവാൻ സ്വീകരിച്ച നടപടി എന്തെല്ലാമാണെന്നും ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും അറിയിക്കുമോ ;

(ഇ) ഈ സാമ്പത്തിക വർഷംതന്നെ പ്രസ്തുത മേൽപ്പാലങ്ങളുടെ നിർമ്മാണം ആരംഭിക്കത്തക്കവിധം ഫണ്ടനുവദിച്ച്, ഭരണാനുമതി ലഭ്യമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പഠനം നടത്തിയിട്ടില്ല.

(സി) ഇല്ല.

(ഡി & ഇ) ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

ചാലക്കുടി പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസിലെ ഒഴിവുള്ള തസ്തികകളിലേക്കുള്ള സ്ഥിര നിയമനം

246 (3997) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസിൽ നിലവിൽ ഒഴിവുള്ള കെയർടേക്കർ, വാച്ചർ തസ്തികകളിൽ സ്ഥിരനിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ചാലക്കുടിയിൽ പുതുതായി നിർമ്മാണം പൂർത്തിയാക്കി പ്രവർത്തന സജ്ജമായ പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസ് അഡീഷണൽ ബ്ലോക്കിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ തസ്തികകളിൽ നിയമനം നടത്താൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) ചാലക്കുടി പി.ഡബ്ല്യു.ഡി റസ്റ്റ് ഹൗസിൽ സ്ഥിരം തസ്തികകളായ കെയർടേക്കർ, കുക്ക്-കം-വാച്ചർ തസ്തികകളിൽ നിലവിൽ ഒഴിവുണ്ട്. കെയർടേക്കർ തസ്തികയിൽ സ്ഥിരനിയമനം നടത്തുന്നതിനുള്ള നടപടി

LIBRARY ARCHIVES Kerala Legislative Assembly

സ്വീകരിച്ചുവരികയാണ്. ഒഴിവുള്ള കുക്ക്-കം-വാച്ചർ തസ്തികയിൽ നിയമനം നടത്തുന്നതിനായി ജില്ലാ കളക്ടർക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ചാലക്കുടിയിൽ പുതുതായി നിർമ്മാണം പൂർത്തിയാക്കിയ പൊതുമരാമത്ത് വകുപ്പ് റസ്റ്റ് ഹൗസ് അഡീഷണൽ ബ്ലോക്കിന്റെ പ്രവർത്തനത്തിന് ആവശ്യമായ കൂടുതൽ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

പാറക്കടവ് പാലം നിർമ്മാണം

247 (3998) ശ്രീ. മാത്യു റ്റി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മല്ലപ്പള്ളിയിലെ പാറക്കടവ് പാലം നിർമ്മിക്കുവാൻ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര രൂപയാണ് വകയിരുത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ & ബി) മല്ലപ്പള്ളിയിലെ പാറക്കടവ് പാലം നിർമ്മിക്കുവാൻ ബഡ്ജറ്റിൽ 195 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

റെയിൽവേ ലെവൽ ക്രോസ്സുകൾ ഉള്ള ദേശീയപാതകൾ

248 (3999) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ദേശീയപാതകളിൽ ഏതൊക്കെ സ്ഥലങ്ങളിലാണ് റെയിൽവേ ലെവൽ ക്രോസ്സുകൾ ഉള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ദേശീയപാത 66-ൽ നീലേശ്വരം പള്ളിക്കരയിൽ റെയിൽവേ മേൽപ്പാലം നിർമ്മാണത്തിന് സ്ഥലം അക്വിസിഷൻ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) പ്രസ്തുത മേൽപ്പാലത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി കേന്ദ്ര ഉപരിതല മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിക്ക് അനുവാദം ലഭിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ ;

(ഇ) പ്രസ്തുത മേൽപ്പാലം നിർമ്മാണം വൈകുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly